**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2172** **21-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് താലൂക്ക് ആശുപത്രി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പുളിങ്കുന്ന് (കുട്ടനാട്) താലൂക്ക് ആശുപത്രിക്ക് പുതിയ ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനായി 2019 ൽ 144.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രി നിലനിന്നിരുന്ന സ്ഥലത്തെ മുഴുവൻ ഭൂമിയും രേഖാമൂലം ആശുപത്രിക്ക് വിട്ടുകിട്ടിയിട്ടുണ്ട്. ആശുപത്രിയിലേക്കുള്ള വഴിക്ക് മിനിമം 7 മീറ്റർ വീതിയുള്ള വഴി ഉണ്ടെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുകയുള്ളൂ എന്നതിനാൽ പുതിയൊരു വഴിയ്ക്കായി 1.37 ഏക്കർ ഭൂമി കണ്ടെത്തി ആയത് ആശുപത്രിയ്ക്കായി ഏറ്റെടുത്തിട്ടുണ്ട്. നിർദിഷ്ട വഴിയ്ക്കായി ഏറ്റെടുത്ത ഭൂമി, തണ്ണീർത്തട നിയമ പ്രകാരം പൊതു ആവശ്യത്തിനായി പരിവർത്തനം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. (സ.ഉ (കൈ) നം 12/2024/AGRI തീയതി 29/01/2024). തുടർന്ന് കിഫ്ബി വിദഗ്ധ സംഘം സ്ഥലം പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക റിപ്പോർട്ടിൽ ഉന്നയിച്ച തടസ്സവാദങ്ങൾ പഠിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ എസ്.പി.വി ആയ ഇൻകൽ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും മരുന്ന് ലഭ്യത ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (ബി) | പുളിങ്കുന്ന് ( കുട്ടനാട്) താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരിൽ കൺസൾട്ടന്റ് പീഡിയാട്രിക്സ് ഒന്ന്, നേഴ്സിങ് അസിസ്റ്റന്റ് നാല് എന്നീ ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. കെ.എം.എസ് .സി.എൽ സപ്ലൈ അനുസരിച്ച് മരുന്ന് ലഭ്യമാണ്. ഇത് കൂടാതെ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ മരുന്ന് വാങ്ങാനായി അനുവദിച്ചിട്ടുണ്ട്. ആയത് സമയാസമയങ്ങളിൽ ഉപയോഗിച്ച് മരുന്ന് വാങ്ങി നൽകിവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ആശുപത്രിയിൽ ലാബ് ഉൾപ്പെടെ കൂടുതൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | ആധുനിക ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ ഹെമറ്റോളജി അനലൈസർ (3 part), ഇലക്ട്രോലൈറ്റ് അനലൈസർ എന്നിവയുള്ള പൂർണമായും ശീതീകരിച്ചതും കമ്പ്യൂട്ടറൈസ്ഡ് ആയതുമായ ലാബ് സൗകര്യം, എക്സ്റേ സൗകര്യം എന്നിവ പുളിങ്കുന്ന് (കുട്ടനാട്) താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി, ഇ.സി.ജി., ഫിസിയോതെറാപ്പി സെന്റർ, പൊതുജനാരോഗ്യ വിഭാഗം,, പാലിയേറ്റീവ് കെയർ യൂണിറ്റിന് ഒ.പി, ഹോം കെയർ സഹായ ഉപകരണ ബാങ്ക് എന്നീ സേവനങ്ങളും ആശുപത്രിയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ